VOL. XI ISSUE 09 SEPTEMBER - 2020 BELTHANGADY

## September - 5

### Feast of St. Mother Theresa



**Every time you smile at someone, it is an action of love, a gift to that person, a beautiful thing."**

**– Mother Teresa**

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

**Vol. X1 Issue- 09 September- 2020 Page-48**

**Annual Subscription: Rs. 140-00 Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**
**Bishop's House, Udayanagar, P.B. No.13**
**Belthangady - 574 214, D.K., Karnataka, India.**
**Printed at Shree Raghavendra Printers, Ujire-574 240**

**Website: www.belthangadydiocese.com**
**Email : udayadeepabel@gmail.com**
**Tel.: 08256-232439, 233975**

## September - 8

# Feast of Nativity of Mother Mary




*In Mary, God has prepared a living temple where His Son, made flesh, wanted to live among us and give us salvation.”*
*(Pope Francis, 8 September 2018)*

# CONTENTS


| | | |
|---|---|---|
| 1. | Circular No. 14/2020 | 6 |
| 2. | Circular No. 13/2020 | 8 |
| 3. | Circular Prot. No. 0989/2020 | 10 |
| 4. | Circular No. 12/2020 | 11 |
| 5. | Litany of Bl. Virgin Mary | 12 |
| 6. | Pastoral Letter No. 3/ 2020 | 15 |
| 7. | Notifications from the Chancellery | 19 |
| 8. | Seminary News | 22 |
| 9. | Catechism Department News | 23 |
| 10. | Family Apostolate | 29 |
| 11. | Youth Apostolate | 32 |
| 12. | Social Service Department | 33 |
| 13. | Media and Communication | 35 |
| 14. | KSMCA | 36 |
| 15. | Christus Vivit : Pope Francis | 38 |
| 16. | Bishop's Diary | 44 |
| 17. | Programme of the Bishop | 46 |

**Circular No. 14 /2020**

**ഈ വർഷത്തെ 8–നോമ്പാചരണത്തിന്റെ സവിശേഷതകളെക്കുറിച്ച്**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ഈ വർഷത്തെ 8–നോമ്പാചരണത്തിന്റെ സവിശേഷതകളെക്കുറിച്ച് നിങ്ങൾക്ക് ഒരിക്കൽക്കൂടി എഴുതുകയാണ്.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് മുഴുവൻ സീറോമലബാർ സഭാംഗങ്ങളോടു ചേർന്ന് ബെൽത്തംഗഡി രൂപതയിൽ അമ്മയുടെ പിറന്നാൾ സമ്മാനമായി 8–നോമ്പാചരണവും **അഖണ്ഡ ജപമാല**യും കാഴ്ചയായി അർപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. **"അമ്മയോടൊപ്പം"** എന്ന ഈ ആത്മീയ ശുശ്രൂഷയിൽ രൂപത മുഴുവനും ഒന്ന്ചേർന്ന് കോവിഡ്–19ൽ നിന്നും മോചനത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു.

സെപ്റ്റംബർ 1–ാം തീയതി രാവിലെ 6 മണിമുതൽ സെപ്റ്റംബർ 7–ാം തീയതി വൈകുന്നേരം 8 മണിവരെ **അഖണ്ഡ ജപമാല** നടത്തപ്പെടുകയാണ്. രൂപതയിലുള്ള ഓരോ കുടുംബവും വ്യക്തികളും സന്യാസഭവനങ്ങളും വൈദികരും ചേർന്ന് പ്രാർത്ഥിക്കുന്നു. എല്ലാ ദിവസവും രാവിലെ 6 മണി മുതൽ രാത്രി 8 മണിവരെയുള്ള സമയങ്ങളിൽ ഓരോ ഫൊറോനയിലുമുള്ള ഇടവകയിലെ ദൈവജനം (മിഷൻലീഗ് കുട്ടികൾ ഉൾപ്പടെ) തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട സമയത്ത് വീട്ടിലോ ജോലിസ്ഥലത്തോ പള്ളിയിലോ ഇരുന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കണം. രാത്രി 8 മണി മുതൽ പിറ്റേ ദിവസം രാവിലെ 6 മണിവരെ ആ ഫൊറോനയിലുള്ള ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ബഹുമാനപ്പെട്ട അച്ചന്മാരും അതോടൊപ്പം താൽപര്യമുള്ള ഇടവകാംഗങ്ങളും ചേർന്ന് അവരവരുടെ സ്ഥലത്ത് ജപമാല ചൊല്ലി പ്രാർത്ഥിക്കന്നം.

എല്ലാ ദിവസവും അമ്മയെക്കുറിച്ചുള്ള ആത്മീയ പ്രഭാഷണം Diocese of Belthangady youtube Channel -ൽ ലഭിക്കുന്നതാണ്.

ഈ സെപ്റ്റംബർ 4 ആദ്യവെള്ളിയാഴ്ച സീറോമലബാർ സഭ മുഴുവനും ഉപവാസമെടുക്കുന്ന ദിവസമാണ്. അന്നേദിവസം സാധിക്കുന്ന എല്ലാവരും ഉപവസിച്ചു പ്രാർത്ഥിക്കണം. അന്ന് എല്ലാ വൈദികരും കോവിഡ്–19ൽ നിന്നുള്ള മോചനത്തിനായി വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ജനങ്ങളെല്ലാവരും സാധിക്കുന്ന വിധത്തിൽ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും വേണം.

**അഖണ്ഡ ജപമാല**യുടെ സമാപന ദിവസമായ സെപ്റ്റംബർ 7-ാം തീയതി രാത്രി 7 മണിമുതൽ 8 മണിവരെ രൂപത മുഴുവനും ഒന്ന് ചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കണം. ജപമാലയും സമാപനാ ശീർവാദവും ലൈവായി നമ്മുടെ ചാനലിൽ ലഭിക്കുന്നതാണ്.

**അഖണ്ഡ ജപമാലയിൽ പങ്കെടുക്കേണ്ട ഫൊറോനയും തീയതിയും സമയവും**

| ഫൊറോന | തീയതി | സമയം |
|---|---|---|
| 1. Belthangady | Sept. 01 (ചൊവ്വ) | 6.00 am to 8.00 pm |
| (Sept 1st 8.00pm to Sept. 2nd 6.00am (Rev. Sisters & Rev. Fathers) | | |
| 2. Dharmasthala | Sept. 02 (ബുധൻ) | 6.00 am to 8.00 pm |
| (Sept. 2nd 8.00pm to 3rd Sept. 6.00am (Rev. Sisters & Rev. Fathers) | | |
| 3. Thottathady | Sept. 03(വ്യാഴം) | 6.00 am to 8.00 pm |
| (3rd Sept 8.00pm to 4th Sept. 6.00am (Rev. Sisters & Rev. Fathers) | | |
| 4. Udane | Sept.04 (വെള്ളി) | 6.00 am to 8.00 pm |
| (4th Sept 8.00pm to 5th Sept 6.00am (Rev. Sisters & Rev. Fathers) | | |
| 5. Kutrupady | Sept. 05 (ശനി) | 6.00 am to 8.00 pm |
| (5th Sept 8.00pm to 6th Sept 6.00am (Rev. Sisters & Rev. Fathers) | | |
| 6. Mangalore | Sept 06 (ഞായർ) | 6.00 am to 12.00 pm |
| 7. Kodagu | Sept 06 (ഞായർ) | 12.00 pm to 8.00 pm |
| (6th Sept 8.00pm to 7th Sep 6.00am (Rev. Sisters & Rev. Fathers) | | |
| 8. Jadkal | Sept. 07 (തിങ്കൾ) | 6.00 am to 7.00 pm |

സെപ്റ്റംബർ 7-ാം തീയതി രാത്രി 7 മണിമുതൽ 8 മണിവരെ **അഖണ്ഡ ജപമാല** സമാപനം ബെൽത്തംഗഡി രൂപതാ കേന്ദ്രത്തിൽനിന്നു നയിക്കുന്നതാണ്.

ഈ വർഷത്തെ 8-നോമ്പാചരണം തീവ്രമായ പ്രാർത്ഥനാ മഞ്ജരിയായി മാതാവിന് അമ്മയുടെ പിറന്നാൾ ദിനം സമ്മാനമായി സമർപ്പിക്കാം. പരിശുദ്ധ അമ്മയുടെ ശക്തമായ മാദ്ധ്യസ്ഥത്താൽ നല്ല ദൈവം നമ്മേയും ലോകം മുഴുവനേയും കോവിഡ്-19ൽ നിന്നും മോചിക്കുവാൻ കൃപയാകട്ടേയെന്ന് പ്രാർത്ഥിച്ച്കൊണ്ട് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
27-08-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 30-08-2020ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

**Circular No. 13 /2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

കോവിഡ്-19ന്റെ ആക്രമണം നിമിത്തം ജനം കഠിനമായ ബുദ്ധിമുട്ട് അനുഭവിക്കുകയാണല്ലോ. ഇതിൽ നിന്ന് മോചനം ലഭിക്കുവാനായി ലോകം മുഴുവൻ പ്രാർത്ഥിക്കുന്നതിനോടൊപ്പം ഇതിന് പ്രതിവിധിയായ മരുന്ന് കണ്ടുപിടിക്കുവാൻ വിദഗ്ദർ പരിശ്രമം തുടർന്ന്കൊണ്ടേയിരിക്കുന്നു.പരിശുദ്ധ പിതാവും മറ്റ് പിതാക്കൻമാരും സഭ മുഴുവനും ഈ കഠിന ബാധയിൽനിന്ന് മോചനത്തിനായി പ്രാർത്ഥിച്ച്കൊണ്ടേയിരിക്കുകയാണ്. പ്രപഞ്ച കർത്താവായ ദൈവത്തിന്റെ ഹിതം നിറവേറട്ടേയെന്ന് അപേക്ഷിക്കുകയാണ്.

2020 ആഗസ്റ്റ് 18 മുതൽ 20 വരെ നടന്ന സീറോ മലബാർ സഭയുടെ സിനഡ് എടുത്ത സുപ്രധാനമായ ഒരു തീരുമാനം നിങ്ങളെ അറിയിക്കുകയാണ്. ഇതേ സംബന്ധിച്ച് നമ്മുടെ പ്രിയപ്പെട്ട മേജർ ആർച്ച്ബിഷപ്പ് നമുക്കയച്ച കത്ത് (**Prot. No.0989/2020,Dated24.08.2020**) ഇതോടൊപ്പം അയയ്ക്കുന്നു. സെപ്റ്റംബർ 1 മുതൽ 8 വരെ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളിനു ഒരുക്കമായുള്ള എട്ട് നോമ്പിൽ ഈ വർഷം കോവിഡ്-19ൽ നിന്നുള്ള മോചനത്തിനായി തീവ്രമായ പ്രാർത്ഥന നടത്തുവാൻ തീരുമാനിച്ചു. 50 ലക്ഷത്തോളം വരുന്ന സീറോ മലബാർ മക്കളെല്ലാവരും ഒരുമിച്ച് നോമ്പ് നോക്കുകയും ഒരു സ്വരത്തിൽ പ്രാർത്ഥിക്കുകയും ചെയ്യുകയാണ്! കോവിഡ്-19ലൂടെ ദൈവം നൽകുന്ന സന്ദേശം തിരിച്ചറിയുവാനും ക്ലേശകരമായ ഈ സാഹചര്യം അതിജീവിക്കുവാനുള്ള മാർഗ്ഗം തെളിച്ച് തരണമേയെന്ന് പ്രാർത്ഥിക്കുകയുമാണ്.

സെപ്റ്റംബർ 1 മുതൽ 7 വരെ ദിവസങ്ങളിൽ സാധിക്കുന്ന എല്ലാവരും നോമ്പ് നോക്കുക, ജപമാല ചൊല്ലി പ്രാർത്ഥിക്കുക, എല്ലാവരും സാധിക്കുന്ന വിധത്തിൽ വിശുദ്ധ ബലിയിൽ പങ്കെടുക്കുക.സെപ്റ്റംബർ 4ന് (ആദ്യ വെള്ളിയാഴ്ച്ച) സാധിക്കുന്ന എല്ലാവരും ഉപവാസമെടുത്ത് പ്രാർത്ഥിക്കുക; ദിവ്യബലിയിൽ പങ്കെടുക്കുക. എല്ലാ ബഹുമാനപ്പെട്ട വൈദികരും (രൂപതാ വൈദികരും സമർപ്പിത വൈദികരും) കോവിഡ്-19 സൃഷ്ടിച്ചിരിക്കുന്ന ദുരിതത്തിന്റെ മോചനത്തി നുള്ള

നിയോഗത്തിന് വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുക. സെപ്റ്റംബർ 8, പരിശുദ്ധ അമ്മയുടെ പിറവിതിരുന്നാൾ സമുചിതമായിആചരിക്കുകയും ഇപ്പോഴത്തെ വിഷമസന്ധിയിൽ നിന്ന് മോചനത്തിനായി സവിശേഷ പ്രാർത്ഥനകൾ മാതാവിന്റെ മാദ്ധ്യസ്ഥം വഴി സമർപ്പിക്കുകയും ചെയ്യുക.

ദൈവസന്നിധിയിൽ അനുപമമായ മാദ്ധ്യസ്ഥ ശക്തിയുള്ള വ്യക്തിയാണ് നമ്മുടെ പ്രിയപ്പെട്ട സ്വർഗ്ഗീയ അമ്മ, പരിശുദ്ധ മറിയം. നമുക്കൊന്ന്ചേർന്ന് മാതാവിന്റെ പിറവിത്തിരുന്നാൾ ദിവസം നമുക്ക്വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കണമേയെന്ന് ഒരു സ്വരത്തിൽ മുഴുവൻ സീറോ മലബാർ സഭാ മക്കളോടും ചേർന്ന് അപേക്ഷിക്കാം. സെപ്റ്റമ്പർ 1 മുതൽ 8 വരെ നടക്കുന്ന ഈ പ്രാർത്ഥനാ യജ്ഞം വിജയിപ്പിക്കാൻ ആവശ്യമായതെല്ലാം ചെയ്യുവാനായി എല്ലാ ബഹുമാനപ്പെട്ട വൈദികരോടും സിസ്റ്റേഴ്സിനോടും പാരീഷ് കൗൺസിൽ അംഗങ്ങളോടും ബന്ധപ്പെട്ട മറ്റെല്ലാവരോടും സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

''ദൈവ സന്നിധിയിൽ കൃപ കണ്ടെത്തിയവളും'' ''കർത്താവ് തന്നോടുകൂടെ'' ഉള്ളവളുമായ പരിശുദ്ധ മറിയം (ലൂക്കാ 1 :30) തന്റെ ജന്മദിനത്തിൽ ദൈവസന്നിധിയിൽ നമുക്ക്വേണ്ടി വലിയ മാദ്ധ്യസ്ഥം വഹിക്കട്ടേയെന്ന് പ്രാർത്ഥിച്ച്കൊണ്ട് + പിതാവിന്റേയും + പുത്രന്റേയും + പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
25-08-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB** : ഈ സർക്കുലർ 30-08-2020ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

സർക്കുലർ **No. 0989/2020** **എട്ട് നോമ്പാചരണം** 24-08-2020

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിന്റെ ചർച്ചകളെയും തീരുമാനങ്ങളെയുംകുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയ്ക്കുന്നതാണ്.

എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിന്റെ വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്റ്റംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ഈ പകർച്ചവ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പു് ദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്ന് പറയേണ്ടതില്ലല്ലോ. കൂടാതെ, നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച്ച സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെല്ലാവരും ഏതെങ്കിലും രീതിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അത് കൂടുതൽ സ്വീകാര്യമാകുമല്ലോ. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

**ഈശോയിൽ സ്നേഹപൂർവ്വം,**
**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

**N.B:** ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30-ാം തിയതി ഞായറാഴ്ച്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വിശുദ്ധ കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

**Circular No. 12 /2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ഇപ്പോൾ ലോകം മുഴുവൻ നേരിട്ട്കൊണ്ടിരിക്കുന്ന വലിയ വിപത്തായ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ജൂൺ 20-ാം തീയതി പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലത്തിരുനാളിൽ മൂന്ന് സംബോധനകൾ കൂടെ ചേർത്ത് അവളുടെ മധ്യസ്ഥത്തിനായി യാചിക്കാനായി വിശ്വാസികളെ ഫ്രാൻസിസ് പാപ്പ ഉദ്ബോധിപ്പിക്കുകയുണ്ടായി. ഈ താഴെ കൊടുത്തിരിക്കുന്ന പരിശുദ്ധ അമ്മയുടെ മൂന്ന് അപദാനങ്ങളാണ് ജപമാലയിലെ ലുത്തിനിയായിൽ ചേർക്കേണ്ടത്.

**"കരുണയുടെ മാതാവേ"**

**"പ്രത്യാശയുടെ മാതാവേ"**

**"കുടിയേറ്റക്കാരുടെ മാതാവേ"**

"കരുണയുടെ മാതാവേ" എന്ന യാചന, സഭയുടെ മാതാവേ എന്നതിനുശേഷവും "പ്രത്യാശയുടെ മാതാവേ" എന്നത്, ദൈവവരപ്രസാദത്തിന്റെ മാതാവേ എന്നതിനുശേഷവും; " കുടിയേറ്റക്കാരുടെ മാതാവേ" എന്നത് പാപികളുടെ സങ്കേതമേ എന്നതിനുശേഷവും; ചേർക്കാനാണ് പരിശുദ്ധ പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതേ സംബന്ധിച്ച് വിശദീകരണം 2020 ആഗസ്റ്റിലെ ഉദയദീപത്തിൽ 18-19 പേജുകളിൽ കാണാവുന്നതാണ്.

മാർപാപ്പാ നിർദ്ദേശിച്ച മുകളിൽ ചേർത്ത പ്രാർത്ഥനകൾ കൂടി ഉൾപ്പെടുത്തി ഇനിമുതൽ ജപമാല ചൊല്ലണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

ബെൽത്തംഗഡി
15-08-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 23-08-20ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

## ഫ്രാൻസീസ് മാർപാപ്പ കൂട്ടിച്ചേർത്ത യാചനകളോടുകൂടിയ ദൈവമാതാവിന്റെ ലുത്തിനി യയുടെ പൂർണ്ണരൂപം

കർത്താവേ അനുഗ്രഹിക്കണമേ,
കർത്താവേ അനുഗ്രഹിക്കണമേ.
മിശിഹായേ, അനുഗ്രഹിക്കണമേ,
മിശിഹായേ, അനുഗ്രഹിക്കണമേ.
കർത്താവേ അനുഗ്രഹിക്കണമേ,
കർത്താവേ അനുഗ്രഹിക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ,
ഞങ്ങളെ അനുഗ്രഹിക്കണമേ.
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധത്രിത്വമേ,
പരിശുദ്ധ മറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ദൈവത്തിന്റെ പരിശുദ്ധ ജനനി,
കന്യകകൾക്കു മകുടമായ നിർമല കന്യകേ,
മിശിഹായുടെ മാതാവേ,
തിരുസഭയുടെ മാതാവേ,
**കരുണയുടെ മാതാവേ,**
ദൈവവരപ്രസാദത്തിന്റെ മാതാവേ,
**പ്രത്യാശയുടെ മാതാവേ,**
ഏറ്റം നിർമ്മലയായ മാതാവേ,
അത്യന്തവിരക്തയായ മാതാവേ,
കളങ്കമറ്റ കന്യകയായ മാതാവേ,
കന്യാത്വത്തിനു ഭംഗംവരാത്ത മാതാവേ,
സ്നേഹത്തിന് ഏറ്റം യോഗ്യയായ മാതാവേ,

അത്ഭുതത്തിനു വിഷയമായ മാതാവേ,
സദുപദേശത്തിന്റെ മാതാവേ,
സ്രഷ്ടാവിന്റെ മാതാവേ,
രക്ഷകന്റെ മാതാവേ,
ഏറ്റം വിവേകമതിയായ കന്യകേ,
വണക്കത്തിന് ഏറ്റം യോഗ്യയായ കന്യകേ,
സ്തുതിക്കു യോഗ്യയായ കന്യകേ,
മഹാവല്ലഭയായ കന്യകേ,
കനിവുള്ള കന്യകേ,
ഏറ്റം വിശ്വസ്തയായ കന്യകേ,
നീതിയുടെ ദർപ്പണമേ,
ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ,
ആത്മജ്ഞാനപൂരിത പാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസാപുഷ്പമേ,
ദാവീദിന്റെ കോട്ടയേ,
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ,
സ്വർണ്ണാലയമേ,
വാഗ്ദാനത്തിന്റെ പേടകമേ,
സ്വർഗ്ഗത്തിന്റെ വാതിലേ,
ഉഷഃകാല നക്ഷത്രമേ,
രോഗികളുടെ ആരോഗ്യമേ,
പാപികളുടെ സങ്കേതമേ,
**കുടിയേറ്റക്കാരുടെ ആശ്വാസമേ,**
പീഡിതരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞി,
പൂർവ്വപിതാക്കന്മാരുടെ രാജ്ഞി,
ദീർഘദർശികളുടെ രാജ്ഞി,
ശ്ലീഹന്മാരുടെ രാജ്ഞി,
വേദസാക്ഷികളുടെ രാജ്ഞി,
വന്ദകൻമാരുടെ രാജ്ഞി,
കന്യകകളുടെ രാജ്ഞി,

അമലോത്ഭവയായ രാജ്ഞി,
സ്വർഗ്ഗാരോപിതയായ രാജ്ഞി,
പരിശുദ്ധ ജപമാലയുടെ രാജ്ഞി,
കുടുംബങ്ങളുടെ രാജ്ഞി,
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി,
സമാധാനത്തിന്റെ രാജ്ഞി,
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ**

കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി എന്ന അപദാനം ലൊറേറ്റോ ലുത്തിനിയായിൽ കാണുന്നില്ല. എങ്കിലും കേരളത്തിലെ സഭയിൽ ഉപയോഗിക്കുന്നതുകൊണ്ട് അതും ഈ ലുത്തിനിയായിൽ ചേർത്തിട്ടുണ്ട്.

Pastoral Letter No 3/ 2020

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

" കർത്താവിന് നന്ദി പറയുവിൻ;
അവിടുന്ന് നല്ലവനാണ്; അവിടുത്തെ കാരുണ്യം അനന്തമാണ് "
(സങ്കീ 136 : 1)

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

2020 ആഗസ്റ്റ് 4 ന് നമ്മുടെ രൂപത ഉദ്ഘാടനം ചെയ്യപ്പെട്ടിട്ട് 21 വർഷം പൂർത്തിയാവുകയാണ്! 1999 ആഗസ്റ്റ് 4 ന്റെ ഓർമ്മ പച്ചകെടാതെ നമ്മുടെ മനസിലുണ്ട്! കഴിഞ്ഞ 21 വർഷം ദൈവം നമ്മെ വഴിനടത്തിയ അത്ഭുത പരിപാലനയ്ക്ക് മുമ്പിൽ നമുക്ക് ശിരസ്സ് നമിച്ച് അവിടുത്തേക്ക് നന്ദി പറയാം. ഈ പ്രദേശത്ത് ചിതറി പാർത്തിരുന്ന നമ്മെ ദൈവം ഒരു ജനതയാക്കി, ഒരു രൂപതയാക്കി ഉയർത്തി! രൂപതയുടെ വളർച്ചയ്ക്കുവേണ്ടി കഠിനാധ്വാനം ചെയ്ത ബഹുമാനപ്പെട്ട അച്ചൻമാർക്കും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, അൽമായർക്കും നമ്മെ സഹായിച്ച ഉദാരമതികളായ ഉപകാരികൾക്കും നമുക്ക് നന്ദി പറയാം. നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണത്തിനും സ്നേഹത്തിനും നന്ദി പറയുന്നു.

വാർഷികം സ്വയം പരിശോധനയ്ക്കും വിലയിരുത്തലിനുമുള്ള സമയമാണ്. ദൈവജനത്തെ ദൈവോന്മുഖമായി വിശുദ്ധിയിൽ നയിക്കുകയും ദൈവത്തെ അറിയാത്തവർക്ക് ഈശോയേയും അവിടുത്തെ സുവിശേഷത്തേയും ജീവിതംകൊണ്ടും വചനംകൊണ്ടും അറിയിക്കുക എന്നതാണ് നമ്മുടെ പ്രഥമവും പ്രധാനവുമായ കടമ. ഈ ദിശയിൽ നാം എത്രമാത്രം മുന്നേറിയെന്ന് പരിശോധിക്കണം. നമ്മുടെ വ്യക്തി ജീവിതം, കുടുംബജീവിതം, ഇടവകാ ജീവിതം രൂപത എന്ന കൂട്ടായ്മ എങ്ങനെയുണ്ട് എന്ന് പരിശോധനാവിധേയമാക്കണം. നാം ഓരോരുത്തരും ചേർന്നതാണ് ഈ രൂപത. നാം ഓരോരുത്തരുടെയും വ്യക്തിപരമായ ജീവിതവും കുടുംബ ജീവിതവും വിശുദ്ധമാക്കുമ്പോൾ രൂപതാ കുടുംബം വിശുദ്ധമാകുകയും ദൈവത്തിന്റെ വാസകേന്ദ്രമാവുകയും ചെയ്യും.

2020 നമ്മെ സംബന്ധിച്ചും ലോകത്തെ സംബന്ധിച്ചും ക്ലേശകരമായ അനുഭവമുള്ള വർഷമാണ്! കോവിഡ്-19 ന്റെ ആക്രമണം തുടർന്ന്കൊണ്ടേയിരിക്കുന്നു. അതിന്റെ തിക്ത ഫലങ്ങൾ നാം അനുഭവിക്കുകയാണ്. ഈ രോഗത്തിനിടയിലും നാം ജീവിക്കുവാൻ പഠിക്കണം: രോഗത്തിനുശേഷം ഒരു പുതിയ സംസ്കാരം രൂപമെടുക്കണം. ഈ അവസരത്തിൽ അതിനെ സംബന്ധിച്ച ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്:

**1. പ്രാർത്ഥനയും പ്രത്യാശയും വേണം; ഭയം വേണ്ട:**

കോവിഡ്-19 നെ നാം ഭയപ്പെടരുത്. സർവ്വാധിപനായ കർത്താവിലാശ്രയിച്ച്കൊണ്ട് സധൈര്യം ഈ സാഹചര്യത്തെ പ്രാർത്ഥനാപൂർവ്വം നേരിടണം. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം. എല്ലാ മുൻകരുതലുകളും എടുക്കണം. കോവിഡ്-19 നെ പ്രതിരോധിക്കാനുള്ള മരുന്ന് കണ്ടുപിടിക്കാൻ ബന്ധപ്പെട്ടവരെ അനുഗ്രഹിക്കണമേയെന്ന് പ്രാർത്ഥിക്കണം.

**2. പ്രകൃതിയോട് ചേർന്ന് ജീവിക്കണം:**

പ്രകൃതിയോട് ചേർന്ന് ജീവിക്കാനും കൃഷി ചെയ്യുവാനും എല്ലാ വരും ശ്രദ്ധിക്കണം; മണ്ണിൽ പണിയെടുക്കണം. പ്രകൃതിയെ സംരക്ഷിക്കണം. ഇത് ആദിയിൽ ദൈവം മനുഷ്യനു നൽകിയ കൽപനയാണ് (ഉൽപത്തി 2:16)

**3. മറ്റുള്ളവരെ സഹായിക്കണം:**

മറ്റുള്ളവരെ കഴിവുപോലെ എല്ലാ വിധത്തിലും സഹായിക്കണം. പ്രത്യേകിച്ച് ഈ "കോവിഡ് കാലത്ത് " നമ്മുടെ ഇടയിൽ ദുരിതം അനുഭവിക്കുന്ന അനേകരുണ്ട്; അവരെ സഹായിക്കണം.

**4. കുടുംബ ജീവിതം സുസ്ഥിരമാക്കണം:**

നമ്മുടെ കുടുംബ ജീവിതം കൂടുതൽ ഭദ്രമാക്കണം. കൂടുതൽ സമയം ഒരുമിച്ച് താമസിക്കുവാനും ഒരുമിച്ച് പ്രാർത്ഥിക്കുവാനും ഒരുമിച്ച് ഭക്ഷിക്കുവാനും ഒരുമിച്ച് ജോലിചെയ്യുവാനും ഒരുമിച്ച് ഉല്ലസിക്കുവാനും ശ്രദ്ധിക്കണം. കുടുംബ ആദ്ധ്യാത്മികത അങ്ങനെ പുഷ്ഠിപ്പെടും. "കോവിഡ് കാലത്ത് " 10 വയസ് താഴെയുള്ളവരേയും 65 വയസ് മുകളിലുള്ളവരേയും പളളിയിലും മറ്റ് പൊതുസ്ഥലങ്ങളിലും പോകുന്നതിന് പ്രോത്സാഹിപ്പിക്കുന്നില്ല. ഗൗരവമായ രോഗമുള്ളവരും ഗർഭിണികളും മുകളിൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ പോകാതിരിക്കുന്നതാണ് നല്ലത് എന്നതാണ് ലഭിച്ചിരിക്കുന്ന നിർദ്ദേശം. കുടുംബത്തിൽ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്നവരാണ് ഈ വിഭാഗത്തിൽപ്പെട്ടവർ. അതുകൊണ്ട് ഇവർക്ക് കുടുംബത്തിൽ കൂടുതൽ പരിചരണവും സ്നേഹവും സംരക്ഷണവും നൽകേണ്ടതുമാണ്.

**5. നിയമങ്ങൾ പാലിച്ച് അച്ചടക്കമുള്ള ജനതയാകുക:**

സർക്കാർ നിയമങ്ങൾ സമൂഹത്തിന്റെ നന്മയ്ക്ക്വേണ്ടിയുള്ളതായതുകൊണ്ട് അവയെ കർശനമായി പാലിക്കുക. "കോവിഡ് കാലം" നമ്മെ അത് പഠിപ്പിച്ചു! നിയമം പാലിക്കുന്ന അച്ചടക്കമുള്ള ഒരു ജനസമൂഹമായി നാം വളരണം.

**6. ആഴമായ ആദ്ധ്യാത്മികതയും ലാളിത്യവും സ്വന്തമാക്കുക:**

ആദ്ധ്യാത്മികതയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങുകയും ജീവിതത്തിൽ ലാളിത്യം പാലിക്കുകയും വേണം. അമിതമായ ശബ്ദവും ബഹളവും ഒഴിവാക്കി ശാന്തമായി പ്രാർത്ഥിക്കുവാൻ നാം നിർബന്ധിതരായ കാലമാണ് "കോവിഡ് കാലം". അത് നല്ലതാണ്. അതുപോലെതന്നെ ആർഭാടങ്ങൾ ഒഴിവാക്കാൻ "കോവിഡ് കാലത്ത്" നാം നിർബന്ധിതരായി. അതും നല്ലതാണ്. ലളിത ജീവിതം നമ്മുടെ ജീവിതശൈലിയാകണം. നമ്മുടെ വസ്ത്രം, ഭക്ഷണം, വീട്, ആഘോഷങ്ങൾ എല്ലാം ലളിതമാകണം.

ആഗസ്റ്റ് 4ന് രൂപത വാർഷികമാണ്. അന്നേ ദിവസം പള്ളി ചില വിൽ രൂപതയ്ക്ക്വേണ്ടി വിശുദ്ധ കുർബാന അർപ്പിക്കണം. സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് രൂപതയ്ക്ക്വേണ്ടി പ്രാർത്ഥിക്കണം. അന്നത്തെ കുടുംബ പ്രാർത്ഥനയിൽ എല്ലാവരും നമ്മുടെ രൂപതയെ പ്രത്യേക പ്രാർത്ഥനാ വിഷയമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

“അവസാനമായി സഹോദരരേ, സത്യവും വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്നേഹാർഹവും സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെയുംകുറിച്ച് ചിന്തി ക്കുവിൻ” (ഫിലിപ്പി 4 : 8) എന്ന വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ വചനം അനുസരിച്ച് സംശുദ്ധമായ ജീവിതം നയിക്കുവാൻ നമ്മെ കർത്താവ് അനുഗ്രഹിക്കട്ടേയെന്ന് പ്രാർത്ഥിച്ച്കൊണ്ട് + പിതാവിന്റെയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
28-07-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ ഇടയലേഖനം 02-08-2020ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

# രൂപതാകാര്യാലയം

## 1) Pope's Monthly Intention for September - 2020

"ദൈവത്തിന്റെ മനോഹര സൃഷ്ടിയായ ഈ സൃഷ്ട പ്രപഞ്ചവും അതിലെ വിഭവങ്ങളും! മനുഷ്യന്റെ സ്വാർത്ഥത മൂലം ചൂഷണം ചെയ്യപ്പെടാതെ എല്ലാ മനുഷ്യരുടെയും ഉപരി നന്മയ്ക്കും ഉപയോഗത്തിനുമായി, സകല ജീവജാലങ്ങളുടെയും അനുഗ്രഹ പൂർണ്ണമായ ഒരു നിലനില്പിനും വരും തലമുറയ്ക്കായി കാത്ത് സൂക്ഷിച്ച് സംരക്ഷിച്ച് നല്കുവാനും ഇന്നിന്റെ സംരക്ഷകരായ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു".

**2) ഓർമ്മിക്കേണ്ട ദിവസങ്ങൾ**

1 കൈത്താ ഏഴാം ചൊവ്വ (എട്ടുനോമ്പാരംഭം)

5. കൈത്താ ഏഴാം ശനി : **കൊൽക്കൊത്തായിലെ വി. തെരേസ**

6. ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ

8. ഏലിയാ സ്ലീവ മൂശ ഒന്നാം ചൊവ്വ :

**പ. ക. മറിയത്തിന്റെ പിറവിത്തിരുനാൾ**

12. ഏലിയ സ്ലീവ മൂശ ഒന്നാം ശനി :

**വി. ജോൺ ക്രിസോസ്തോം**

13. ഏലിയാ സ്ലീവ മൂശ രണ്ടാം ഞായർ

14. ഏലിയ സ്ലീവ മൂശ രണ്ടാം തിങ്കൾ :

**വി. കുരിശിന്റെ പുകഴ്ച**

20 ഏലിയ സ്ലീവ മൂശ മൂന്നാം ഞായർ

21. ഏലിയ സ്ലീവ മൂശ മൂന്നാം തിങ്കൾ :

**വി. മത്തായി ശ്ലീഹാ**

26. ഏലിയ സ്ലീവ മൂശ മൂന്നാം ശനി :

**വി. വിൻസെന്റ് ഡി പോൾ**(27 ഞായർ)

27. ഏലിയ സ്ലീവ മൂശ നാലാം ഞായർ

29. ഏലിയ സ്ലീവ  മൂശ നാലാം ബുധൻ

**മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ**

30. ഏലിയ സ്ലീവ മൂശ നാലാം തിങ്കൾ : **വി. ജെറോ മ.**

**3) Let us pray for Rev., Priests : Birth Day**

| | | |
|---|---|---|
| Rev. Fr. Cheriapally Sebastian | - | 03 |
| Rev. Fr. Pullattu Thomas | - | 23 |

**Feast Day    September - 21**

Rev. Fr. Alappatt Mathew

Rev. Fr. Ambatt Mathew

Rev. Fr. Kottarathil Mathew

Rev. Fr. Thazhekattil Mathew

Rev. Fr. Vellachalil Mathew

Rev. Fr. Vettamthadathil Mathew

**4) Transfers and Appointments :**

| a. Names & Surname | Parishes | Designation |
|---|---|---|
| Rev. Fr. Cheriapally Sebastian | Devagiri | Pro Vicar |
| Rev. Fr. Vellachalil Mathew | Kuthlur & Mantrady | Pro Vicar |
| Rev. Fr. Mukkatt Joseph | Study Leave | - |
| Rev. Fr. Pazheparambil George | Study Leave | - |

**b. Rev. Fr. Mathew Vettamthadathil**- KSMCA- Diocesan Director (Additional Charge)

**c. Commission for Media & Communication:**

1. Rev.Fr. Lawrence Poonolil - Director
2. Rev.Fr.Thomas Puthiyara - Member
3. Rev.Fr.Mathew Thazhekattil - Member
4. Rev.Fr.Mathew Vettamthadathil - Member

Support group to the Commission:

5. Fr. Joseph Mattam
6. Fr. Joseph Puthiyedath
7. Fr.Varkey Malikayil
8. Fr. Joseph Puthussey
9. Fr. Mathew Ambatt
10. Fr. Peter Padaramchira

**5) വൈദിക സമ്മേളനം (Priests' Conference)** : 2020 സെപ്റ്റംബർ 29-രാവിലെ 10.00 മണിമുതൽ വൈകുന്നേരം 4.00 വരെ വൈദിക സമ്മേളനം ഉണ്ടായിരിക്കുന്നതാണ്.

**6. Inter - Commission Meeting :**

2020 ആഗസ്റ്റ് 17 ന് രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി രൂപതയുടെ അജപാലന കാര്യപരിപാടികൾ വിലയിരുത്തുകയും ഭാവികാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.

**7) പിരിവ് : Collection for the Holy Land - 13th September 2020**

**Fr. Lawrence Poonolil**
Chancellor



# സാൻ തോമ് ഗുറുമന്ദിറ
# മൈനർ സെമിനാരി വാർത്തകൾ

## കാറോയ പട്ടം

ജൂലൈ 22-ാം തീയ്യതി മേജർ, മൈനർ സെമിനാരിക്കാർ പുത്തൂർ മൈനർ സെമിനാരിയിൽ ഒരുമിച്ചുകൂടി പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ശേഷം 23-ാം തീയ്യതി രാവിലെ 7 മണിക്ക് അർപ്പിക്കപ്പെട്ട ദിവ്യബലിമദ്ധ്യേ അഭിവന്ദ്യ മാർ ലോറൻസ് പിതാവിൽനിന്നും ബ്രദർ Kizhakethazhe Joseph ബെൽത്തംഗഡി രൂപതയ്ക്കുവേണ്ടി കാറോയ പട്ടം സ്വീകരിച്ചു. പട്ടത്തിനു ശേഷം അഭിവന്ദ്യ മാർ ലോറൻസ് പിതാവ് മേജർ സെമിനാരിയിലെ എല്ലാ ബ്രദേർസിനെയും പൊതുവായും കണ്ട് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി. പിതാവിന് പ്രത്യേകം നന്ദി.



ഫാ. മാത്യു ആലപ്പാട്ട്
റെക്ടർ, മൈനർ സെമിനാരി
സാൻ തോമ് ഗുറുമന്ദിറ, പുത്തൂർ

# വിശ്വാസപരിശീലന രംഗം

**"പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും." - ലൂക്കാ 1:35.**

സെപ്റ്റംബർ 1 മുതൽ 8 വരെ എട്ട് നോമ്പാണ്. മാതാവിന്റെ ജനനത്തിരുനാളിന്റെ ഓർമ്മക്കായി നാം ഇത് ആചരിക്കുന്നു. എല്ലാവർക്കും മാതാവിന്റ ജനനത്തിരുനാളിന്റെ ആശംസകൾ നേരുന്നു. അമ്മമാരെ പ്രത്യേകമായി ബഹുമാനിക്കുന്ന ദിവസവും ഇതുതന്നെ. അതുകൊണ്ട് സെപ്റ്റംബർ 8 ന് രാവിലെ അമ്മമാർക്ക് സ്തുതിചൊല്ലി നല്ല ദിവസം ആശംസിക്കുകയും അന്നെദിവസം അവരെ പ്രത്യേകമായി സഹായിക്കുകയും ചെയ്യണം. അവർക്കുവേണ്ടി ഈ ദിവസം പ്രത്യേകമായി പ്രാർത്ഥിക്കണം.

ഓഗസ്റ്റ് മാസത്തിൽ നമ്മൾ ആറാം പാഠംവരെ പഠിച്ചു. സെപ്റ്റംബർ മാസത്തിൽ 8 പാഠങ്ങൾ തീർക്കാൻ ശ്രമിക്കുകയാണ്. ഓക്ടോബർ മാസം അവസാനം നമുക്ക് അർദ്ധവാർഷിക പരീക്ഷ ഉണ്ട്. പരീക്ഷാ തിയതി നിങ്ങളെ അരിയിക്കുന്നതായിരിക്കും. പാഠപുസ്തകത്തിലെ ആദ്യത്തെ 8 പാഠങ്ങൾ പരീക്ഷക്ക് ഉണ്ടായിരിക്കും. 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വി. അൽഫോൻസാമമയെക്കുരിച്ച് ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഓഗസ്റ്റ് മാസത്തിൽ തന്നിരിക്കുന്ന സങ്കീർത്തനങ്ങളിൽനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. അതുകൊണ്ട് 23, 34, 51, 91, 150 ഈ സങ്കീർത്തനങ്ങൾ എല്ലാവരും പഠിക്കന്നമെന്ന് ഓർമിപ്പിക്കുന്നു. 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വി. തോമാശ്ലീഹായെക്കുറിച്ച് ചോദ്യങ്ങൾ ഉണ്ടായിരിക്കും. ആതുപോലെ മുകളിൽ പറഞ്ഞിരിക്കുന്ന അഞ്ച് സങ്കീർത്തനങ്ങളും പഠിക്കേണ്ടതാണ്. ഇതിൽനിന്നും പരീക്ഷക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കും.

ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ടാസ്കിൽ പഠിക്കുവാൻ തന്നിരിക്കുന്ന പ്രാർത്ഥനകൾ എല്ലാം പഠിക്കണം. ഇത് പരീക്ഷക്ക് വരുന്നതായിരിക്കും.

10, 12 ക്ലാസ്സുകളിൽ പരിക്ഷ എഴുതിയ കുട്ടികളുടെ മാർക്ക് ലിസ്റ്റും അധ്യാപകരുടെ പേരുവിവരങ്ങളും ഇനിയും തരാത്തവർ സെപ്റ്റംബർ 10 നു മുമ്പായി ഇവിടെ എത്തിക്കേണ്ടതാണ്.

വിശ്വാസപരിശീലന അധ്യാപകർ നിങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുമായി എല്ലാ ആഴ്ചയിലും ഒരു പ്രാവശ്യമെങ്കിലും ഫോണിലൂടെയോ നേരിട്ടോ നിങ്ങൾക്ക് സാധിക്കുന്ന വിധത്തിൽ ബന്ധപ്പെടണം.

എല്ലാ ഇടവകകളിലും വിശ്വാസപരിശിലകരുടെ ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടായിരിക്കണം. അതുപോലെ ഓരോ ക്ലാസിലെ കുട്ടികളെ ഉൾകൊള്ളിച്ച് ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുക.

## ചെറുപുഷ്പ മിഷൻലീഗ്

മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു എന്ന് വിശ്വസിക്കുന്നു. അനുദിനം ചെയ്യുന്ന പുണ്യ പ്രവർത്തിയും അത് കാഴ്ച്ചവച്ച് പ്രാർത്ഥിക്കുന്നതും വചന ഡയരിയിൽ രേഖപ്പെടുത്തുന്നതുമൊക്കെ നന്നായി നടക്കുന്നുണ്ട് എന്ന് വിശ്വസിക്കുന്നു. പതിവുപോലെ ക്ലാസ്സുകൾ തുടങ്ങുമ്പോൾ അധ്യാപകരെ കാണിക്കുവാൻ ഉള്ളതുകൊണ്ട് നന്നായി എഴുതണം. കഴിഞ്ഞമാസം തണിരുന്ന സങ്കീർത്തനം പഠിക്കുക എന്ന ടാസ്ക് നിങ്ങൾ ചെയ്തു കാന്നുമെന്ന് ഞാൻ വിശ്വസിക്കുന്നു.

നിങ്ങളുടെ കുടുംബപ്രാർത്ഥനക്ക് ഒരു ദിവസം ഒരു സങ്കീർത്തനമെങ്കിലും ചൊല്ലുവാൻ പരിശ്രമിക്കുക. ഇതുവരെ പഠിക്കാത്തവർ 23, 34, 51, 91, 150. ഈ സങ്കീർത്തനങ്ങൾ കാണാതെ പഠിച്ച് പ്രാർത്ഥനയിൽ ഉപയോകിക്കുക.

**സെപ്റ്റംബർ മാസത്തിലെ ടാസ്ക്**: 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ പ്രകാശത്തിന്റെ രഹസ്യങ്ങൾ കാണാതെ പഠിക്കുക.

9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ ലുത്തിനിയ മുഴുവൻ കാണാതെ പഠിക്കുക.

പുതുതായി ചേർക്കണമെന്ന് മാർപാപ്പാ നിർദ്ധേശിച്ചിരിക്കുന്ന ഭാഗം ചേർത്ത് പഠിക്കണം.

**ചേർകേണ്ടത്**

1. കരുണയുടെ മാതാവേ .... ഇത് തിരുസഭയുടെ മാതാവേ എന്നു ചെല്ലിയതിന് ശേഷം.
2. പ്രത്യാശയുടെ മാതാവേ ... ഇത് ദൈവ വരപ്രസാദത്തിന്റെ മാതാവേ എന്നതിന്ന് ശേഷം.
3. കുടിയേറ്റക്കാരുടെ മാതാവേ ... ഇത് പാപികളുടെ സങ്കേതമേ എന്നതിന് ശേഷം.

**CML കുട്ടികളുടെ പ്രാർത്ഥനായജ്ഞം** !!!

**കുഞ്ഞുമിഷനരിമാർ ജപമാല കൈയിലേന്തി കോവിഡ് 19 നെ പ്രതിരോധിക്കുന്നു.**

ഈ എട്ടുനോമ്പിന് പ്രത്യേകം പ്രാർത്ഥിച്ചും നോമ്പും ഉപവാസവും അനുഷ്ടിച്ചും മാതാവിന്റെ പ്രത്യേക മാധ്യസ്ഥംവഴി കോവിഡ് 19 നെതിരെ പ്രതിരോധം തീർക്കണം എന്നാണ് ഈ പ്രാവശ്യത്തെ സീറോമലബാർ സിനഡിന്റെ നിർദ്ധേശം. നമ്മുടെ രൂപതയിലെ കുഞ്ഞുമിഷനറിമാർ ഈ പ്രാർത്ഥനായജ്ഞത്തിൽ സഭയോടൊപ്പം പങ്കുചേരുകയാണ്.

എട്ടുനോമ്പിന്റെ എട്ടു ദിവസങ്ങൾ എട്ടു ഫൊറോനകൾക്കായി വീതിച്ചു നൽക്കുകയാണ്. നിങ്ങളുടെ ഫൊറോനക്ക് ലഭിച്ച ദിവസം **ആ ഫൊറോനയിലെ എല്ലാ മിഷൻലീഗ് കുട്ടികളും സ്വന്തമായി ഒരു ജപമാല ചൊല്ലി ഈ നിയോകത്തിനായി കാഴ്ചവയ്ക്കണം.**

September 1 - Belthangady Forane

September 2 - Dharmasthala Forane

September 3 - Thottathady Forane

September 4 - Udane Forane

September 5 - Kutruppady Forane

September 6 - Kankanady and Siddapura Forane

September 7 - Jadkal Forane

# തിരുബാലസഖ്യം

തിരുബാലസഖ്യം കുട്ടികളുടെ ക്ലാസ്സുകൾ നന്നായി നടക്കുന്നുണ്ട് എന്ന് വിശ്വസിക്കുന്നു. ഒന്നാം ക്ലാസ്സിലേക്ക് അഡ്മിഷൻ ഇതുവരെ നടത്താത്തവർ ഇനി ചെയ്യാവുന്നതാണ്. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ മാതാപിതാക്കൾ ക്ലാസ്സ് എടുക്കേണ്ടതാണ്. എല്ലാ ദിവസവും നിങ്ങൾ ഒരു ചെറിയ നന്മ പ്രവർത്തി ചെയ്ത് ഈശോയുടെ തിരുഹൃദയത്തിൽ കാഴ്ച്ചവച്ച് നിങ്ങളുടെ മാതാപിതാക്കൾക്കുവേണ്ടി പ്രാർഥിക്കണം. കഴിഞ്ഞ മാസം തന്ന ടാസ്ക് (പ്രാർത്ഥനകൾ) പഠിച്ചുകാണുമെന്നു വിശ്വസിക്കുന്നു. ഈ മാസം ഒന്നും രണ്ടും ക്ലാസ്സിലെ കുട്ടികൾ **കർത്താവിന്റ മാലാഖ** എന്ന പ്രർത്ഥന പഠിക്കണം. മൂന്നും നാലും ക്ലാസ്സിലെ കുട്ടികൾ പരിശുദ്ധാത്മാവിന്റ ഫലങ്ങൾ, ദാനങ്ങൾ, പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ ഇവ പഠിക്കണം.

## Prize Winners !!!

ജൂലൈ മാസത്തിൽ തന്നിരുന്ന ടാസ്കിൽ എറ്റവും **മികച്ച പ്രകടനം കാഴ്ച്ചവച്ച 5 പേരുടെ** ലിസ്റ്റ് താഴെ ചെർക്കുന്നു.

യൂട്യൂബിൽ ഇവ കാണാനും നിങ്ങടെ ക്ലാസ്സുകൾ കേൾക്കാനും ഈ യൂട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യുക. Fr. Joseph M.T. Mattam

### Fancy Dress - St. Thomas: 1st to 4th STD

1. Terence Lijo Mandapathil - Kutruppady
2. Aron Pazherickal - Padavu
3. Rion Joseph Mathew Thonakkara - Kundapura
4. Alphin Manniekunnel - Gandibagilu
5. Alphas Chumalaparambil - Mudur

### Fancy Dress - St. Alphonsa: 1st to 4th STD

1. Anisha Plavila - Kundapura
2. Mary Panachickal - Gandibagilu
3. Rinal Elizabeth Mathew Thonakkara - Kundapura
4. Sera Sunil (Rose Mary) Chungath - Gonikoppalu
5. Tessa Nandalath - Gandibagilu

### Essay on St. Alphonsa: 5th to 8th STD

1. Austin Jacob Panachickal - Gandibagilu
2. Grace Maria Justin - Hebri
3. Sebastian Ellickal - Guthigar
4. Jesna Mary Maniyala - Udane
5. Aleena Margarett Chumalaparambil - Mudur

### Consolation Prize

1. Alphia Rose Thomas Nandalath - Gandibagilu.

### Essay on St. Thomas: 9th to 12th STD

1. Ann Maria Thomas Nanadalath - Gandibagilu.
2. Treesa Joseph Nandalath - Gandibagilu
3. Delson V. Andrews Vengathanam - Addahole
4. Jane Tom - Manipal
5. Varghese Kaungumpally - Shirady

### Speech on St. Alphonsa: 5th to 8th STD

1. Jesline Dolphy Chemmattakkuzhy - Gandibagilu
2. Alphonsa Augustin Kottayil - Addahole
3. Sayujya Sunil Vattoth - Udane
4. Shincy Anna Moozhiyankal - Hoskote
5. Alice Evelyn Koodapparambil - Manipal

**Speech on St Thomas: 9th to 12th STD**

1. Anarghya Mariya Embrandyvayalil - Udane
2. Delna Sabu Vengathanam - Addahole
3. Ashwath Kottayil - Shirady
4. Jerusha Kollamparambil - Shirady
5. Grace Mary Manniekunnel - Gandibagilu

**Fr. Joseph Mattam**
Director
Apostolate of Catechesis

# ഫാമിലി അപ്പസ്തോലേറ്റ്

൧. **ബൈബിൾ ക്വിസ് :**

ദൈവവചനം ആഴത്തിൽ മനസ്സിലാക്കുവാൻവേണ്ടി ബൈബിൾ ക്വിസ് വി. യോഹന്നാൻ എഴുതിയ സുവിശേഷത്തെ തുടർന്ന് അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ മൂന്ന് അദ്ധ്യായങ്ങൾ വീതം ക്വിസ് മത്സരമായി നടത്തപ്പെട്ടു.

**ബൈബിൾ ക്വിസ് : 32** വി, യോഹന്നാൻ എഴുതിയ സുവിശേഷം 20,21 അദ്ധ്യായങ്ങൾ

Winners:

1. Mini Mathew Pulickal Kattipalla
2. Ruby Manoj Kalenja
3. Antony M.J Mundaje
4. Lissy Thangachan Pauvathil Addahole

**ബൈബിൾ ക്വിസ് : 33** അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ ആമുഖം 1, 2 അദ്ധ്യായങ്ങൾ

Winners:

1. Shiny Saji Peedikaparambil Mantrady
2. Joseena Shinu Nirappil Mundaje
3. Deepa Sandy Kumblimootill Gandibagilu
4. Jincy Kalathiparambil Kutrupady

**ബൈബിൾ ക്വിസ് : 34** അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 3,4,5 അദ്ധ്യായങ്ങൾ

Winners:

1. Jose Poriathu Hebri
2. Jolly Tony Kankanady
3. Lidiya Santhosh Kunnathel Thottathady
4. Jincy Rajesh Kizhakkedath Mundaje

**ബൈബിൾ ക്വിസ്** : 35 അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 6,7,8 അദ്ധ്യായങ്ങൾ

Winners:

1. Rosy Thattarkunnel Nellyady
2. Delna Ajith Kannampuzha Shirady
3. Shinu Nirappel Mundaje
4. Alphonsa Menachery Bangady

**ബൈബിൾ ക്വിസ്** : 36 അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ ആമുഖം 9,10,11 അദ്ധ്യായങ്ങൾ

Winners:

1. Jolly Baiju Kalathiparambil Kattipalla
2. Rosamma Pannikot Mundaje
3. Lini John Gonikoppalu
4. Jisha Jenish Chollampuza Mundaje

**ബൈബിൾ ക്വിസ്** : 37 അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 12,13,14 അദ്ധ്യായങ്ങൾ

Winners:

1. Thomas Thattarakunnel Nellyady
2. Manoj Chemmatakuzhy Kalenja
3. Reji Kalathukulangara Udane
4. Beena Francis Edashery Mundaje

**ബൈബിൾ ക്വിസ്** : 38 അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 15,16,17 അദ്ധ്യായങ്ങൾ

Winners:

1. Mathew Manalel Heggala
2. Prathibha Saijo Valiyaparambil Kuthloor
3. Smitha Manimalatharaphil Gonikoppalu
4. Mary Abraham Kalapurackal Nellyaday

**ബൈബിൾ ക്വിസ് :** 39 അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 18,19,20 അദ്ധ്യായങ്ങൾ

Winners:

1. Elizabeth Thekkepurathadathil Gandibagilu
2. George Kakkakootumkel Siddapura
3. Tessy Thomas Kathalankal Hebri
4. Silvy Joy Thanniyil Bajagoli

**ബൈബിൾ ക്വിസ് :** 40 അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 21,22,23 അദ്ധ്യായങ്ങൾ

Winners:

1. Beena Joji Chirayil Thotathady
2. Saijo Chacko Valiyaparambil Kuthoor
3. Asha Sunil Puthiyaveetil Nettana
4. Lissy Pulickal Shirlal

**ബൈബിൾ ക്വിസ് :** 41 അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 24,25,26 അദ്ധ്യായങ്ങൾ

Winners:

1. Shiji Thekkanath Manipal
2. Anitha Shainu Valookaran Thotathady
3. Twincy Shaji Palakattu Hebri
4. Abiga George Kakkakootumkel Kundapura

**2.** 2020 ഓഗസ്റ്റ് 20 – ൨൦ തീയതി ധർമ്മസ്ഥല ഇടവകയിലെ 65 വയസ്സിനു മുകളിലുള്ള മാതാപിതാക്കൾക്കുവേണ്ടി ബഹു. ഫാ. തോമസ് പുതിയറ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് കുമ്പസാരവും, വചനപ്രഘോഷണവും നടത്തപ്പെട്ടു.

**Fr.Thomas Puthiyara**
Director, Family Apostolate

# യൂത്ത് അപ്പസ്തോലേറ്റ്

**1. ക്ലാസ്സ്** : 2020 ഓഗസ്റ്റ് 2-ാം തീയതി കളഞ്ച ഇടവകയിൽ വച്ച് ബട്ട്യാൽ കളഞ്ച ഇടവക യുവജനങ്ങൾക്കുവേണ്ടി ബഹു. ജോസ് പൂവ്വത്തിങ്കൽ അച്ചൻ വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ക്ലാസ്സ് നയിക്കുകയും ചെയ്തു. യൂത്ത് ആനിമേറ്റർ ജെയ്സൻ സാമൂഹിക പ്രതിബദ്ധതയുള്ള യുവജനങ്ങളായി എങ്ങനെ വളരണം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. 75 പേർ ഇതിൽ പങ്കെടുത്തു.

**2.** 2020 ഓഗസ്റ്റ് 16 -ാം തീയതി ധർമ്മസ്ഥല ഇടവകയിൽ വച്ച് യുവജനങ്ങൾക്കുവേണ്ടി വി. കുർബ്ബാന, കുമ്പസാരം, ക്ലാസ്സ് എന്നിവ നടത്തപ്പെച്ചു. ബഹു. മെൽബിൻ അച്ചൻ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വികാരി ഫാ. ജോസ് പൂവ്വത്തിങ്കൽ ലൗ ജിഹാദ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. 75 പേർ ഇതിൽ പങ്കെടുത്തു.

**3.** 2020 ഓഗസ്റ്റ് 15 - ാം തീയതി ഷിർലാൽ ഇടവകയിൽ പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനാചരണവും സംയുക്തമായി ആഘോഷിച്ചു. ബഹു. ഫാ തോമസ് പുതിയറ അച്ചൻ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് യുവജനങ്ങൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഇതിനു നേതൃത്വം നൽകിയ ബഹു. പീറ്റർ പതാരംചിറ അച്ചനും യുവജനങ്ങൾക്കും അഭിനന്ദനങ്ങൾ.

**4. ധ്യാനം** : 2020 ഓഗസ്റ്റ് 20 - ാം തീയതി സെന്റ് മേരീസ് ചർച്ച് ഷിർലാൽ വച്ച് എസ്. എം. വൈ. എം ഗ്ലോബൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ ധ്യാനത്തിൽ 37 യുവജനങ്ങൾ പങ്കെടുത്തു.



**Fr. Thomas Puthiyara**
Director, Youth Apostolate

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 80 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳು, 30 ಸೋಂಕಿತ ಹಾಗೂ 60 ಭಾದಿತ ಮಕ್ಕಳಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕಾರ್ಯವನ್ನು ಮಾಡುತ್ತಿದೆ.

ಕೋವಿಡ್–19 ಸಂಬಂದಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳ 46 ಮನೆಗಳಿಗೆ ಸಂಸ್ಥೆ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ ಹಾಗೂ ಸಿಬ್ಬಂದಿ ವರ್ಗದವರು ಭೇಟಿ ನೀಡಿ ಆಹಾರದ ಕಿಟ್‌ಗಳನ್ನು ವಿತರಿಸಿದ್ದಾರೆ ಹಾಗೂ ಎ.ಆರ್.ಟಿ ಬದ್ದತೆ ಮತ್ತು ಸಿಡಿ4 ಬಗ್ಗೆ ತಿಳಿಸಿದ್ದಾರೆ.

**ಸ್ಮೈಲ್ ಸುರಕ್ಷಾ ಯೋಜನೆ:**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸರಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ದಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ.
ಜುಲೈ ಹಾಗೂ ಆಗಸ್ಟ್ ತಿಂಗಳಲ್ಲಿ ರೂ. 22,001/– ಧನ ಸಹಾಯ ಬಂದಿರುತ್ತದೆ.

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ;**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ, ಪುತ್ತೂರು ಮತ್ತು ಕಡಬ ತಾಲೂಕುಗಳ 30 ಆಯ್ದ ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,326 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 27.7.2020 ರಂದು ಮಿಯ್ಯಾರಿನಲ್ಲಿ ಸಂಘದ 'ಸದಸ್ಯರಿಗೆ ಸಾವಯವ ಕೃಷಿಯ ಮಹತ್ವ ಮತ್ತು ಕೈತೋಟ ರಚನೆಯ ಕುರಿತು ತರಭೇತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಯೋಜಕರಾದ ಶ್ರೀ.ಸುನೀಲ್ ಇವರು ತರಬೇತಿ ನೀಡಿದರು. ಈ ಸಂದರ್ಭದಲ್ಲಿ ಸಂಘದ ಎಲ್ಲಾ ಸದಸ್ಯರಿಗೆ 5 ವಿವಿಧ ತರಕಾರಿ ಬೀಜಗಳನ್ನು ವಿತರಣೆ ಮಾಡಲಾಯಿತು. ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 28.7.2020 ರಂದು ಅಡ್ಡಹೊಳೆಯಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಪರಿಸರ ಸಂರಕ್ಷಣೆಯ ಕುರಿತು ತರಬೆತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ ಇವರು ಮಾಹಿತಿ ನೀಡಿದರು. ವನಮಹೋತ್ಸವದ ಪ್ರಯುಕ್ತ ಗಿಡ ನೆಡಲಾಯಿತು. ಸಂಯೋಜಕಿ ಶುಭಾ ಹಾಗೂ ಕಾರ್ಯಕರ್ತರಾದ ಎಲ್ಸಿ ತೋಮಸ್ ಇನರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 7.8.2020 ರಂದು ಉದಯಶ್ರೀ ಮಕ್ಕಳ ಸಂಘದ ಸದಸ್ಯರಿಗೆ ವ್ಯಕ್ತಿತ್ವ ವಿಕಸನದ ಕುರಿತು ಹಾಗೂ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ತರಬೇತಿಯನ್ನು ಸಂಜಯನಗರ ಅಂಗವಾಡಿಯಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ಮಾಹಿತಿ ಕಾರ್ಯಗಾರವನ್ನು ನಡೆಸಿಕೊಟ್ಟರು. ಸಂಯೋಜಕಿ ಶುಭಾ ಹಾಗೂ ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜರವರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 22.8.2020 ರಂದು ನೆಲ್ಯಾಡಿ ಮತ್ತು ಕೊಕ್ಕಡದಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಪೌಷ್ಠಿಕ ಆಹಾರದ ಕುರಿತು ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿರವರು ಮಾಹಿತಿ ನೀಡಿದರು.

ದಿನಾಂಕ 24.8.2020ರಂದು ಧರ್ಮಸ್ಥಳದಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸರಕಾರಿ ಸೌಲಭ್ಯದ ಕುರಿತು ಕಾರ್ಯಕರ್ತರಾದ ಶ್ರೀ. ಮಾರ್ಕ್ ಡಿಸೋಜರವರು ಮಾಹಿತಿ ನೀಡಿದರು.

**ಕೋವಿಡ್–19 ನೆರವು ಕಾರ್ಯಕ್ರಮ:**

ಮಾರಕ ರೋಗದ ಪರಿಣಾಮದಿಂದ ಸಂಕಷ್ಟದಲ್ಲಿರುವ ಜನರ ಸಮಸ್ಯೆಗಳಿಗೆ ಸ್ಪಂಧಿಸುವ ನಿಟ್ಟಿನಲ್ಲಿ ಸಂಸ್ಥೆಯು ಚಿಂತನೆ ನಡೆಸುತ್ತಿದೆ. ಈ ನಿಟ್ಟಿನಲ್ಲಿ ದಿನಾಂಕ 21.08.2020 ರಂದು ನೆರಿಯ ಗ್ರಾಮ ಪಂಚಾಯತ್ ವ್ಯಾಪ್ತಿಯ ನೆಕ್ಕರೆ ಮತ್ತು ಪೆರಾಬೆ ಪಂಚಾಯತ್‌ನ ಕೊಯಿಲದಲ್ಲಿ ಬಡ ಜನರಿಗೆ ಹಾಗೂ ವಿಶೇಷ ಚೇತನರಿಗೆ ಆಹಾರ ಕಿಟ್‌ಗಳನ್ನು ವಿತರಿಸಲಾಯಿತು. ಈ ಸಂಧರ್ಭದಲ್ಲಿ ನೆರಿಯ ಪಂಚಾಯತ್ ಮಾಜಿ ಅಧ್ಯಕ್ಷರಾದ ಶ್ರೀ. ಪಿ. ಮಹಮ್ಮದ್, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ., ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಹಾಗೂ ಜಾನ್ಸನ್‌ರವರು ಉಪಸ್ಥಿತರಿದ್ದರು. ಜೊತೆಗೆ ಸಾಮಾಜಿಕ ಅಂತರ ಕಾಪಾಡುವ ಬಗ್ಗೆ ಹಾಗೂ ಮಾಸ್ಕ್‌ಗಳ ಬಳಕೆಯ ಬಗ್ಗೆ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ಮಾಹಿತಿ ನೀಡಿದ್ದಾರೆ.

**Fr.Varkey Malikayil**
Director, Social Service Department

## Media and Communication

മീഡിയ കമ്മീഷന്റെ യോഗം അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ നേതൃത്വത്തിൽ ബിഷപ്പ്സ് ഹൗസിൽ 2020 ഓഗസ്റ്റ് 26ന് ചേരുകയുണ്ടായി. വിശ്വാസം പടുത്തുയർത്തുക, വിശ്വാസ ജീവിതത്തിന് എതിരെ ഉയരുന്ന പ്രതിസന്ധികളെ നേരിടുക, ഒപ്പം രൂപതയുടെ ഓരോ പ്രവർത്തനങ്ങളെയും ജനങ്ങളിൽ എത്തിക്കുക, ഇതിനായി രൂപതയുടെ മാധ്യമ വിഭാഗം ശക്തരാകണം എന്ന തീരുമാനമുണ്ടായി.

താഴെ പറയുന്നവരെ അഭി. പിതാവ് ഇതിന്റെ ഭാരവാഹികളായി നിയമിച്ചു:

### Media Core Committee:

1. Fr. Lawrence Poonolil - Director
2. Fr. Mathew Vattamthadathil - Member
3. Fr.Thomas Puthiyara - Member
4. Fr. Mathew Thazhekkatil - Member

**Faith Building :**

1. Fr.Thomas Puthiyara - Convenor
2. Fr. Joseph Mattam
3. Fr. Joseph Puthussery
4. Fr. Mathew Ambatt

**Faith Defending :**

1. Fr. Mathew Vattamthadathil - Convenor
2. Fr. Joseph puthiyedath
3. Fr. Varkey Malikayil

**Publicity :**

1. Fr. Mathew Thazhekattil - Convenor
2. Fr.Varkey Malikayil
3. Fr. Peter Padaramchira

**Fr. Lawrence Poonolil**
Director
Media Commission

# KSMCA

## ಸಹೃದಯ ಕೋವಿಡ್ ವಾರಿಯಸ ತಂಡ ರಚನೆ

ಕೋವಿಡ್ 19 ಸೋಂಕಿನಿಂದ ಬಳಲುತ್ತಿದ್ದವರಿಗೆ ಸಹಾಯ ನೀಡಲು ಮತ್ತು ಕೋವಿಡ್ 19 ಸೋಂಕಿನಿಂದ ಮೃತಪಟ್ಟವರ ಅಂತ್ಯ ಸಂಸ್ಕಾರ ನಡೆಸುವುದಕ್ಕೆಂದು ಬೆಳ್ತಂಗಡಿ ಧರ್ಮ ಪ್ರಾಂತ್ಯದಿಂದ ಸಹೃದಯ ಕೋವಿಡ್ ವಾರಿಯಸ್ ಟಾಸ್ಕ್ ಪೋರ್ಸ್ ತಂಡ ರಚನೆ ಮಾಡಲಾಗಿದೆ.ಪುತ್ತೂರು ಮತ್ತು ಕಡಬ ತಾಲೂಕಿಗೊಳಪಟ್ಟ ಕೋವಿಡ್ ವಾರಿಯಸ ಸದಸ್ಯರಿಗೆ ನೆಲ್ಯಾಡಿ ಸಂತ ಆಲ್ಫೋನ್ಸಾ ಚರ್ಚ ವಠಾರದಲ್ಲಿ ತರಬೇತಿಯನ್ನು ಸಹ ನೀಡಲಾಗಿದೆ. ತರಬೇತುದಾರರಾಗಿ ಆಗಮಿಸಿದ್ದ ನೆಲ್ಯಾಡಿ ಪ್ರಾಥಮಿಕ ಆರೋಗ್ಯ ಕೇಂದ್ರದ ವೈದ್ಯಾಧಿಕಾರಿ ಡಾ. ಸೌಮ್ಯರವರು ಕೋವಿಡ್ 19 ಸಾಂಕ್ರಾಮಿಕ ರೋಗ ಬಾರದಂತೆ ಪಾಲಿಸಬೇಕಾದ ಮುನ್ನೆಚ್ಚರಿಕಾ ಕ್ರಮಗಳ ಕುರಿತು ಹಾಗೂ ಮೃತರ ಅಂತ್ಯಕ್ರಿಯೆ ಸಂದರ್ಭಧಲ್ಲಿ ಪಾಲಿಸಬೇಕಾದ ಮುನ್ನೆಚ್ಚರಿಕಾ ಕ್ರಮ ಗಮನಿಸಬೇಕಾದ ಅಂಶಗಳ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಧರ್ಮಗುರುಗಳನ್ನು ಒಳಗೊಂಡ ತಂಡದ ಮೂವತ್ತು ಸದಸ್ಯರು ತರಬೇತಿಯನ್ನು ಪಡೆದರು.



ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಸಂಘಟನೆಯಾದ ಕರ್ನಾಟಕ ಸಿರೋ ಮಲಬಾರ್ ಕ್ಯಾಥೋಲಿಕ್ ಅಸೋಸಿಯೇಷನ್ ಸಂಘದ ಸದಸ್ಯರುಗಳು ಸಹೃದಯ ಕೋವಿಡ್ ವಾರಿಯರ್ಸ್ ತಂಡದ ಸದಸ್ಯರಾಗಿ ಕಾರ್ಯನಿರ್ವಹಿಸಲಿದ್ದಾರೆ. ಜೋಸ್ ಕ.ಜೆ ಅವರು ತಂಡದ ಮುಖ್ಯ ಕಾರ್ಡಿನೇಟರ್ ಆಗಿದ್ದಾರೆ. ಸಹಾಯ ಬೇಕಿದ್ದಲ್ಲಿ ಜೋಸ್ ಕೆ.ಜೆ. ಮುಖ್ಯ ಕಾರ್ಡಿನೇಟರ್ – 8970194288, ಫಾ. ಆದರ್ಶ್ ಜೋಸಫ್ ದ.ಕ ಜಿಲ್ಲಾ ಡೈರೆಕ್ಟರ್ – 9740609128, ರಾಬಿನ್ ಧರ್ಮಸ್ಥಳ ದ.ಕ. ಜಿಲ್ಲಾ ಸಹಾಯಕ ಕಾರ್ಡಿನೇಟರ್ – 9480193566 ಸಂಪರ್ಕಿಸಬಹುದಾಗಿದೆ.

Director, KSMCA

SECRETARIAT OF STATE

FIRST SECTION - GENERAL AFFAIRS

From the Vatican, 1 August 2020

No. 150.904

My Lord Bishop,

The Holy Father has asked me to acknowledge the offerings totalling ₹120,652 which you sent through the Apostolic Nunciature as a contribution for the support of the Holy See from the Diocese of Belthangady of the Syro-Malabars for the years 2017, 2018 and 2019. This donation will be recorded in the 2019 *Obolo di San Pietro e Canone 1271* Report of the Secretariat of State.

His Holiness is grateful for this donation and for the devoted sentiments that inspired it. He very much appreciates the support which you and the faithful have given to him in his service to the universal Church.

I am pleased to assure you of the Holy Father's prayers for you and for those entrusted to your care. Invoking upon all of you joy and peace in our Lord Jesus Christ, he cordially imparts his Apostolic Blessing.

Yours sincerely in Christ,

✠ Edgar Peña Parra
*Substitute*

92.a.അതു മാത്രമല്ല, മുതിർന്ന വരുടെ കൂടെയല്ലാതെ ഒറ്റക്കു കുടിയേറുന്ന പ്രായ പൂർത്തിയാകാത്തവരുടെയും അനേകം വർഷങ്ങൾ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയാൻ നിർബന്ധിതരാകുന്നവരുടെയും, ദീർഘകാലം ഇടത്താവള രാജ്യങ്ങളിൽ പഠനം പിന്തുടരാനാവാതെയും തങ്ങളുടെ കഴിവുകൾ ഉപയോഗിക്കാനാകാതെയും കുടുങ്ങിക്കിടക്കുന്നവരുടെയും ദുർഭഗസ്ഥിതി അവഗണിക്കാൻ നമുക്കാവില്ല. അഭയാർത്ഥികളെ സ്വീകരിക്കുന്ന ചില രാജ്യങ്ങളിൽ കുടിയേറ്റം ഭയവും അങ്കലാപ്പും ഉള്ളവാക്കുന്നു. പലപ്പോഴും രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉന്നം വച്ചുകൊണ്ട് ഉണ്ടാകുന്നവയും ചൂഷണം ചെയ്യപ്പെടുന്നവയും. ജനം തങ്ങളെ സമീപിച്ചുകൊണ്ടിരിക്കുമ്പോൾ അപരിചിതരോടു വെറുപ്പുളവാക്കുന്ന മനോഭാവത്തിലേക്ക് ഇത് നയിക്കുന്നു. നിർണ്ണായകമായവിധം ഇക്കാര്യം പരിഗണിക്കപ്പെടേണ്ടതാണ്.

93. യുവകുടിയേറ്റക്കാർ തങ്ങളുടെ ഉത്ഭവസ്ഥലങ്ങളിൽ നിന്നുമുള്ള വേർപെടലും, അതോടൊപ്പം പലപ്പോഴും സാംസ്കാരികവും മതപരവുമായ പിഴുതുമാറ്റപ്പെടലും അനുഭവിക്കുന്നു. അവർ വിട്ടിട്ടുപോകുന്ന സമൂഹങ്ങളിൽ ശിഥിലീകരണം പോലും അനുഭവപ്പെടുന്നുണ്ട്, കാരണം അവയുടെ ഏറ്റവും ഊർജ്ജസ്വലവും സാഹസികവുമായ ഘടകങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. കുടുംബങ്ങളിലും ഇതനുഭപ്പെടുന്നുണ്ട്. പ്രത്യേകിച്ച് മാതാപിതാക്കളിൽ ഒരാളോ രണ്ടുപേരുമോ,കുട്ടികളെ, സ്വന്തം രാജ്യത്ത് വിട്ടിട്ടുപോകുന്നതുകൊണ്ട് വിഭജിതമായ ഈ കുടുംബങ്ങളിലെ യുവ അംഗങ്ങളെ സംബന്ധിച്ചിടത്തോളം സഭയ്ക്ക് ആശ്രയിക്കാനൊരിടമെന്ന നിലക്ക് വളരെ പ്രധാനപ്പെട്ട കടമയുണ്ട്. എന്നാൽ കുടിയേറ്റക്കാരുടെ കഥകൾ വ്യക്തികൾ തമ്മിലും സംസ്കാരങ്ങൾ തമ്മിലുമുള്ള ഒരു സമ്മേളനത്തിന്റെ കഥകൾ കൂടിയാണ്. അവർ വന്നെത്തുന്ന സമൂഹങ്ങളെയും സംഘങ്ങളെയും സംബന്ധിച്ചിടത്തോളം കുടിയേറ്റക്കാർ സമ്പന്നമാക്കുകയും എല്ലാവരുടെയും പൂർണ്ണമായ മാനുഷിക വികാസത്തിന് അവസരമുണ്ടാക്കുകയും ചെയ്യുന്നു. സഭയെയും സഹകരിപ്പിച്ചുകൊണ്ട് അവരെ സ്വീകരിക്കുന്നതിനുള്ള ഉദ്യമങ്ങൾ ഈ കാഴ്ചപ്പാടിൽ വളരെ പ്രധാന കടമയുണ്ട്. എന്നാൽ കുടിയേറ്റക്കാരുടെ കഥകൾ, വ്യക്തികൾ തമ്മിലും സംസ്കാരങ്ങൾ തമ്മിലുമുള്ള ഒരു സമ്മേളനത്തിന്റെ കഥകൾ കൂടിയാണ്. അവർ വന്നെത്തുന്ന സമൂഹങ്ങളെയും സംഘങ്ങളെയും സംബന്ധിച്ചിടത്തോളം കുടിയേറ്റക്കാർ, സമ്പന്നമാക്കുകയും , എല്ലാവരുടെയും പൂർണ്ണമായ മാനുഷിക വികാസനത്തിന് അവസരമുണ്ടാക്കുകയും ചെയ്യുന്നു. സഭയെയും സഹക

രിപ്പിച്ചുകൊണ്ട് അവരെ സ്വീകരിക്കുന്നതിനുള്ള ഉദ്യമങ്ങൾ ഈ കാഴ്ച പ്പാടിൽ വളരെ പ്രധാനപ്പെട്ടതാണ്. അവരെ ഏറ്റെടുക്കാൻ സന്നദ്ധത യുള്ള സമൂഹങ്ങൾക്ക് പുത്തൻ ജീവൻ കൊണ്ടുവരുന്നതിന് സാധി ക്കും.

**94.** സിനഡ് വ്യത്യസ്തമായ പശ്ചാത്തലങ്ങൾ മൂലം, കുടിയേറ്റക്കാരെ സംബന്ധിച്ച ചർച്ച, വളരെ വ്യത്യസ്തമായ സമീപനങ്ങൾകൊണ്ട് പ്രത്യേ കിച്ച് പുറപ്പെടുന്ന രാജ്യങ്ങളിൽ നിന്നും വന്നെത്തുന്ന രാജ്യങ്ങളിൽ നിന്നുള്ളവയൽ വളരെ ഫലപ്രദമായി. യുദ്ധം മൂലം രക്ഷപ്പെട്ടുപോകു വാൻ നിർബന്ധിതരായ സഭകളും, ഈ നിർബന്ധിതരായ കുടിയേറ്റം മൂലം തങ്ങളുടെ നിലനിൽപിന്ന് ഭീഷണി നേരിടുന്നതായി അനുഭവി ക്കുന്ന സഭകളും തങ്ങളുടെ ഗൗരവതരമായ വ്യഗ്രത വ്യക്തമാക്കുക യുണ്ടായി. വ്യത്യസ്തങ്ങളായ വീക്ഷണങ്ങളെ ആശ്ലേഷിക്കാൻ സഭക്കു കഴിയുന്നു എന്ന വസ്തുത കുടിയേറ്റം എന്ന വിഷയത്തെ സംബന്ധി ച്ചിടത്തോളം സമൂഹത്തിൽ പ്രവചനപരമായ ഒരു ഉത്തരവാദിത്ത നിർവഹണം നടത്താൻ അവളെ സഹായിക്കുന്നു. പ്രത്യേകമായവിധം തങ്ങളുടെ രാജ്യങ്ങളിലേക്ക് പുതുതായി എത്തിച്ചേർന്ന യുവജന ങ്ങൾക്കെതിരായി നിലകൊള്ളാനും, അവരെ ഒരു ഭീഷണിയായി കാണാനും മറ്റ് മനുഷ്യവ്യക്തികളെപ്പോലെ അവർക്കും നിഷേധിക്ക പ്പെടാനാവാത്ത അതേ മാഹാത്മ്യമില്ലെന്ന് കരുതാനും നിർബന്ധിക്കു ന്നവരുടെ കൈകളിലേക്ക് സ്വയം ചെന്നുപെടരുതെന്ന് യുവജനങ്ങ ളോട് ഞാൻ അഭ്യർത്ഥിക്കുന്നു.

## എല്ലാത്തരം ദുരുപയോഗങ്ങളുടെയും അവസാനം

**95.** തങ്ങളുടെ ചില മെത്രാന്മാരും ,വൈദികരും ,സമർപ്പിതരും അത്മാ യരും നടത്തിയ പലതരത്തിലുള്ള ദുരുപയോഗങ്ങൾക്കിരയായവരുടെ കരച്ചിൽ കേൾക്കാൻ ഈ അടുത്തയിടെ അടിയന്തിര അഭ്യർത്ഥനകൾ നടത്തപ്പെടുകയുണ്ടായി. ഈ പാപങ്ങൾ ഇരകളുടെമേൽ ദീർഘകാലം നിലനിൽക്കുന്നതും അനുതാപം കൊണ്ടുമാത്രം പ്രതിവിധിവരാത്ത തുമായ സഹനങ്ങൾക്ക് കാരണമാകുന്നു. ഈ പ്രതിഭാസം സമൂഹ ത്തിൽ വളരെ പ്രവാരത്തിലായിരിക്കുകയാണ്. അത് സഭയെ സാര മായി ബാധിക്കുകയും അവളുടെ ദൗത്യത്തിന് ഗൗരവമേറിയ ഒരു തട സ്സമാകുകയും ചെയ്യുന്നുണ്ട്.

**96.** എല്ലാ സംസ്കാരങ്ങളിലും സമൂഹങ്ങളിലുമുള്ളതും, ചരിത്രപര മായി ഉണ്ടായിട്ടുള്ളതുമാണ്, പ്രായപൂർത്തിയാകാത്തവരുടെ ദുരുപ യോഗമെന്ന ഈ തീരാശാപം പ്രത്യേകിച്ച് കുടുംബത്തിലും വിവിധ സ്ഥാപനങ്ങളിലും പൊതു ജനാഭി പ്രായ പ്രകടനങ്ങളിൽ വന്ന മാറ്റ

ങ്ങൾ ഈ തീരാശാപത്തിന്റെ വ്യാപ്തിയറിയുന്നതിന് സഹായിച്ചു എന്നത് ചാരിതാർത്ഥ്യ ജനകമാണ്. അങ്ങനെയെങ്കിൽ ഈ പ്രശ്നം സാർവ ത്രികമായിട്ടു ണ്ടെങ്കിലും സമൂഹത്തെ സാരമായി ബാധിക്കുന്നതാണെ ങ്കിലും അത് സഭക്കുള്ളിൽ സംഭവിക്കുമ്പോൾ അതിന്റെ ഭീകരത ഒരു വിധത്തിലും കുറയുന്നില്ല.

**97.** ഈ കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ എടുത്തിട്ടുള്ള ഉറച്ച നടപടികൾക്കുള്ള പൂർണ്ണ തീരുമാനങ്ങൾ സിനഡ് വീണ്ടുറപ്പി ക്കുന്നു. രൂപീകരണത്തിന്റെ ചുമതലയേറ്റെടുക്കുന്നതിനായി നിയോ ഗിക്കപ്പെടാനിരിക്കുന്നവരുടെ തിരഞ്ഞെടുപ്പിലും പരിശീലന കാര്യ ത്തിലുമാണ് അത് തുടങ്ങുന്നത്. അതേ സമയം ആവശ്യമായിരിക്കുന്ന നടപടി കാര്യങ്ങളും ശിക്ഷാ നടപടികളും പ്രയോഗത്തിലാക്കാനുള്ള ഇച്ഛാശക്തി തുടർന്നും കാട്ടേണ്ടതുണ്ട്. അതെല്ലാം ക്രിസ്തുവിന്റെ കൃപയാലാണ് നടക്കേണ്ടത്. പിന്തിരിയുന്ന പ്രശ്നമേയില്ല.

**98.** പല രൂപങ്ങളിൽ ദുരുപയോഗം നടക്കുന്നുണ്ട്. അധികാര ദുർവിനി യോഗം മനസ്സാക്ഷിയുടെ സ്വാധീനിക്കൽ ലൈംഗികവും സാമ്പത്തിക വുമായ മുതലെടുപ്പുകൾ. ഇതെല്ലാം സാധ്യമാക്കുന്ന വിധത്തിലുള്ള അധികാര പ്രയോഗം, വ്യക്തമായിട്ടും നിർമൂലമാക്കപ്പെടേണ്ടതാണ്. ഉത്ത രവാദിത്തരഹിതമായും സുതാര്യത ഇല്ലാത്തവിധവും പല കേസുകളും കൈകാര്യം ചെയ്യപ്പെട്ടിട്ടുള്ളത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. മേൽക്കോയ്മയ്ക്കുള്ള ആഗ്രഹവും സംവാദത്തിന്റെയും സുതാര്യത യുടെയും അഭാവവും ജീവിതത്തിന്റെ ഇരട്ടത്താപ്പും, അധ്യാത്മീക ശുഷ്കാന്തിയും വൈകാരിക ബലഹീനതയുമുള്ളടത്താണ് അഴിമതി തഴച്ചുവളരുന്നുണ്ട്. പുരോഹിത മേധാവിത്വം വൈദികരെ സംബന്ധി ച്ചിടത്തോളം നിരന്തരമായ പ്രലോഭനമാണ്. തങ്ങൾ സ്വീകരിച്ചിട്ടുള്ള ശുശ്രൂഷയെ സ്വതന്ത്ര്യവും ഔദാര്യപൂർവ്വകവുമായ സേവനാവസര മായി കാണുന്നതിനു പകരം അധികാര പ്രയോഗത്തിനുള്ള സന്ദർഭ മായി ഇതു കണക്കാക്കുന്നു. എല്ലാ പ്രശ്നങ്ങൾക്കും ഉത്തരമുള്ള ഒരു ഗണമാണ് നാമെന്ന് ചിന്തിക്കാനിടയാകുന്നു. അത്തരത്തിലുള്ള പുരോഹിത മേധാവിത്വം സമർപ്പിത വ്യക്തികളുടെ വിശുദ്ധമായ വയോ ടുള്ള ആദരവും ഓരോ വ്യക്തിയുടെയും അന്യാധീനപ്പെടുത്താനാ വാത്ത മൂല്യവും അവന്റെയോ അവളുടെയോ സ്വാതന്ത്ര്യവും സംശ യമെന്യേ കുറച്ചുകാണാനിടയാക്കുന്നു.

**99.**തങ്ങൾ അനുഭവിച്ച തിന്മകളുടെ വിവരങ്ങൾ നൽകാൻ ധൈര്യം കാട്ടിയവർക്ക് നന്ദിയോടും വാത്സല്യത്തോടും കൂടി സിനഡ് പിതാക്ക ന്മാരോടൊപ്പം കൃതജ്ഞത പറയുവാൻ ഞാനാഗ്രഹിക്കുന്നു. സംഭവി

ച്ചതെന്താണെന്ന് ഏറ്റു പറയുന്നതിനും ദൃഢതയോടു കൂടി അവയോടു പ്രതികരിക്കുന്നതിനും സഭയെ അവർ സഹായിക്കുന്നു.യുവജനങ്ങളുടെ സേവനത്തിൽ വലിയ സമർപ്പണഭാവം കാണിക്കുന്ന എണ്ണമറ്റ അത്മായ വ്യക്തികളും വൈദികരും സമർപ്പിതരായ സ്ത്രീപുരുഷന്മാരും പ്രത്യേകമാം വിധം കൃതജ്ഞതയർഹിക്കുന്നുണ്ട്. അവർ സമ്പൂർണ്ണതയോടും സമർപ്പണബോധത്തോടും കൂടി അതിൽ നിത്യേന നിരതരായിരിക്കുന്നു. പ്രശാന്തമായ വളർന്നുകൊണ്ടിരിക്കുന്ന വലിയൊരു വനം പോലെയാണവരുടെ ഉദ്യമങ്ങൾ.സിനഡിൽസന്നിഹിതരായിരുന്ന പല യുവജനങ്ങളും അവരെ പിൻചെന്നുകൊണ്ടിരുന്നവരോടുള്ള നന്ദി പ്രകടിപ്പിക്കുകയുണ്ടായി. മുതിർന്നവർ,പരാമർശന ബിന്ദുക്കളായിരിക്കേണ്ടതിന്റെ വലിയ ആവശ്യം അവർ ഊന്നിപ്പറയുകയും ചെയ്തു.

**100.** ഈ കൊടും ഭീകര കുറ്റങ്ങൾ ചെയ്തത് വൈദികരുടെ ഒരു വലിയ സംഖ്യയല്ലയെന്നതിന് ദൈവത്തിന് നന്ദിപറയാം. അനേകം വൈദികർ,വിശ്വസ്തതയോടും ഔദാര്യത്തോടും കൂടി തങ്ങളുടെ ശുശ്രൂഷ നിർവഹിച്ചുകൊണ്ട് ജീവിക്കുന്നുണ്ട്. ഈ വലിയഗണം വൈദികരാൽ പ്രചോദിതരാകാൻ തയ്യാറാകണമെന്ന് ഞാൻ യുവജനങ്ങളോട് അഭ്യർത്ഥിക്കുന്നു. തങ്ങളുടെ ശുശ്രൂഷയിലുള്ള ആനന്ദം നഷ്ടപ്പെട്ടതിനാലോ വൈകാരിക പ്രതിഫലം തേടുന്നതിനാലോ, തെറ്റായ മാർഗം അവലംബിക്കുന്നതിനാലോ അപകട സാധ്യതയിലിരിക്കുന്ന ഒരു വൈദികനെ കാണാനിടയായാൽ ദൈവത്തോടും അവിടുത്തെ ജനത്തോടുമുള്ള അദ്ദേഹത്തിന്റെ സമർപ്പണത്തെ ഓർമ്മിപ്പിക്കുക. സുവിശേഷത്തെ അനുസ്മരിപ്പിക്കുകയും അദ്ദേഹത്തിന്റെ പാതയിലുറച്ചു നിൽക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക. ഇപ്രകാരം ഏറ്റവും പ്രധാനമായ കാര്യത്തിന് നിങ്ങൾ വലിയ സംഭാവന കാഴ്ചവെയ്ക്കാനിടയാകും, ഇത്തരത്തിലുള്ള ദുഷ്കൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നത് തടയുന്നതുവഴി. ഈ കാർമേഘം യേശുവിനെയും അവിടുത്തെ സഭയെയും സ്നേഹിക്കുന്ന എല്ലാ യുവജനങ്ങളെയും വെല്ലുവിളിക്കുന്നുണ്ട്. തങ്ങളുടെ കഴിവുകളെല്ലാം പ്രയോഗിച്ചുകൊണ്ട്, നവീകരണം വരുത്താനും സ്ഥിരമായ സാക്ഷ്യത്തിനായി പ്രേരിപ്പിക്കാനും നിർബന്ധിക്കാനും സ്വപ്നം കാണാനും പുത്തൻ ആശയങ്ങളുമായി മുന്നോട്ടു വരാനും ശ്രമിച്ചുകൊണ്ട് വലിയ സൗഖ്യത്തിനുറവിടമാകാൻ വേണ്ടി.

**Continued......**

**Congratulations to Rev. Fr. Joseph Puthiyedath & Team Revnnovated the house of Mr. Babu Acharya, Kowkrady, Nellyady**





# Congratulations




ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಜ್ಯುಬಿಲಿ ವರ್ಷಾಚರಣೆ ಪ್ರಯುಕ್ತ ಶಿರ್ಲಾಲು ಸಂತ ಮರಿಯಮ್ಮನವರ ದೇವಾಲಯದ ವತಿಯಿಂದ ಶಿಲಾಲು ಗ್ರಾಮದ ಮಾಣಿಲಬೈಲು ನಡುಗುಡ್ಡೆ ನಿವಾಸಿ ವಾಸು ಮತ್ತು ಉಷಾ ದಂಪತಿಗೆ 4 ಲಕ್ಷ ರೂಪಾಯಿ ವೆಚ್ಚದಲ್ಲಿ ನಿರ್ಮಿಸಿದ ಮನೆಯ ಕೀಲಿ ಕೈ ಹಸ್ತಾಂತರ ಕಾರ್ಯಕ್ರಮವು ಆ.24 ರಂದು ನಡೆಯಿತು. ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ। ಫಾ। ಪೀಟರ್ ಪದಾರಂಚಿರ ಹಾಗೂ ತಂಡದವರು ನೇತೃತ್ವವನ್ನು ವಹಿಸಿದರು.

ವಿಧಾನ ಪರಿಷತ್ ಸದಸ್ಯ ಪ್ರತಾಪ್‌ಸಿಂಹ ನಾಯಕ್ ಅವರು ರಿಬ್ಬನ್ ಕತ್ತರಿಸುವ ಮುಖಾಂತರ ಮನೆಯನ್ನು ಉದ್ಘಾಟಿಸಿದರು. ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಧರ್ಮಾಧ್ಯಕ್ಷ ವಂದನೀಯ ಬಿಷಪ್ ಲಾರೆನ್ಸ್ ಮುಕ್ಕುಯಿಯವರು ಮನೆಯ ಕೀಲಿಕೈಯನ್ನು ಹಸ್ತಾಂತರಿಸಿ ಆಶೀರ್ವಚನ ನೀಡಿದರು.



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

# ആഗസ്റ്റ് - 2020

4. രൂപത ഉദ്ഘാടനത്തിന്റെയും മെത്രാഭിഷേകത്തിന്റെയും വാർഷിക ദിനത്തോടനുബന്ധിച്ച് രാവില 7.30 ന് കത്തീഡ്രൽ ദേവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

7. ബിഷപ്പ്സ്ഹൗസിൽവച്ച് രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തി ലുമുള്ള വൈദികരുമൊത്ത് മാസധ്യാനം നടത്തി.

9. കെ.ആർ.എസ്.റ്റി. യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

9 നാമഹേതുക തിരുനാളിൽ കത്തീഡ്രൽ ദേവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

11. രാവിലെ 10 മണിക്ക് ജഡ്ക്കൽ ഫൊറോനയിൽ വച്ചു നടന്ന ജഡ്ക്കൽ, മംഗലാപുരം ഫൊറോനകളിലെ ബഹു. വൈദികരുടെ സംയുക്ത ഫൊറോന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

11. ബൈന്ദൂർ ഫാം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് മണിപ്പാലിൽ പുതുതായി നിർമ്മിച്ച വൈദീക മന്ദിരം സന്ദർശിച്ചു.

14. വൈകുന്നേരം കുന്നോത്ത് മേജർ സെമിനാരി കൗൺസിൽ അംഗങ്ങളുടെ യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

14-15. കെ.ആർ.എസ്.റ്റി. നടത്തിയ 24 മണിക്കൂർ പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുത്തു.

15. രാവിലെ 7.30 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ചു രാഷ്ട്ര പതാക ഉയർത്തി സന്ദേശം നൽകി, തുടർന്ന് കത്തീഡ്രൽ ദേവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

16. രാവിലെ 11.00 ന് ബെൾത്തംഗഡിയിൽ നടന്ന Karnataka Human Panel സംഘടിപ്പിച്ച മാനവ സ്പന്ദന Soldier's Team ഉദ്ഘാടന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

16. കെ.ആർ.എസ്. റ്റി. യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

17. ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട Inter-Commision meetingൽ പങ്കെടുത്തു.

18–19. കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

22. പുത്തൂർ മൈനർ സെമിനാരിയിൽ വച്ച് ബ്ര. ജോസഫ് കിഴക്കേത്താഴേയ്ക്ക് കാറോയ പട്ടം നൽകുന്ന ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു സന്ദേശം നല്കി.

24. ശിർലാൽ ഇടവകയിൽ ജൂബിലിയുടെ ഭാഗമായി പണികഴിപ്പിച്ച പുതിയ വീടിന്റെ താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

26. ബിഷപ്പ്സ്ഹൗസിൽവച്ച് നടന്ന രൂപതാ മീഡിയ കമ്മീഷന്റെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

27. ബെൾത്തംഗഡിയിൽ ഡി.കെ. ആർ. ഡി. എസ്. പണികഴിപ്പിച്ച പുതിയ വീടിന്റെ താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

29. കെ.ആർ.എസ്.റ്റി. യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

29–30. കെ.ആർ.എസ്.റ്റി. യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.



# Bishop's Diary

## September-2020

3. Belthangady : KRST Meeting

4. Belthangady : Cathedral church

4-5 Puttur : Minor Seminary

10-12 Engaged

14 Belthangady : KRST & MST Meetings

22. KRCBC

29 Belthangady : Priests' Conference

The response to the pandemic is therefore dual. On the one hand, it is essential to find a cure for this small but terrible virus, which has brought the whole world to its knees. On the other, we must also cure a larger virus, that of social injustice, inequality of opportunity, marginalisation, and the lack of protection for the weakest.

(Pope Francis, General Audience, 19 August, 2020)

**September - 27**

## Feast of St. Vincent De Paul

**Festal Greetings to all Vincentians (Members of Society of St. Vincent De Paul, Diocese of Belthangady)**



**"Go to the Poor: you will find God."**

**(St. Vincent de Paul)**